**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1320** **14-03-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരമുള്ള സ്കൂൾ കെട്ടിട നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം 2018-19 വർഷത്തിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 1000 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകൾക്കുള്ള 3 കോടി രൂപ പദ്ധതി സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് നടപ്പിലാക്കിയത്; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം 2018-19 വർഷത്തിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 1000 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകൾക്കുള്ള 3 കോടി രൂപ പദ്ധതി പ്രകാരം 166 സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | ഈ പദ്ധതി പ്രകാരമുള്ള പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാമോ ; | (ബി) | 3 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട സ്കൂളുകൾക്ക് 2016ലെ DSR നിരക്കും GSTയും ആയിരുന്നു ബാധകമായിരുന്നത്. എന്നാൽ പുതിയ നിരക്ക് നിലവിൽ വന്ന സാഹചര്യത്തിൽ 2018 ലെ DSR നിരക്കുകളും 18% GSTയും അനുസരിച്ച് ഭരണാനുമതി പുതുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആർക്കാണെന്ന് പറയാമോ ; | (സി) | 'കില'യെയാണ് SPV ആയി ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത പദ്ധതിയിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ഈ സ്കൂളുകളിൽ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തികൾ എന്നാരംഭിക്കാൻ കഴിയുമെന്നും പറയാമോ? | (ഡി) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ പരപ്പ ജി.എച്ച്.എസ്.എസ്, ഡോ.എ.ജി.എച്ച്.എസ്. കോടോത്ത് എന്നീ സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ട്. നിർമ്മാണം വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ